# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എം.പി.എം17/652/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എം.പി.എം17/652/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-02-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ദിനേഷൻ.എം, ഓഡിറ്റ് ഓഫീസർ.

ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ
ശ്രീ. ഫാസിൽ മൊയ്തീൻ. പി, ഓഡിറ്റർ

ശ്രീ.ഫാസിൽ മൊയ്തീൻ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റംല നെല്ലാഞ്ചേരി | പ്രസിഡന്റ് | 27-06-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ സലീം.ടി | സെക്രട്ടറി | 01-04-2019 | 20-07-2019 |
| ശ്രീ.ബീരാൻ കുട്ടി.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-07-2019 | 28-07-2019 |
| ശ്രീമതി.മിനി.കെ.കെ | സെക്രട്ടറി | 29-07-2019 | 31-03-2020 |
| ശ്രീമതി.മെഹറുന്നീസ പള്ളിപറമ്പിൽ | പ്രസിഡന്റ് | 01-04-2019 | 26-06-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബീരാൻ കുട്ടി.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ദിവ്യ.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ലൈജുമോൻ.വി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 31-03-2020 |
| ശ്രീ.ഷാഹുൽ ഹമീദ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി.വാണി.എൻ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 19-04-2019 |
| ശ്രീ.രാജീവി.പി.ഡി | അസിസ്റ്റന്റ് എഞ്ചിനിയർ | 20-04-2019 | 28-07-2019 |
| ശ്രീമതി.ജിൻസി.ഐ | അസിസ്റ്റന്റ് എഞ്ചിനിയർ | 29-07-2019 | 31-03-2020 |
| ഡോ.ഫിബി മോൾ.പി.പി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 09-08-2019 |
| ഡോ.ഫാത്തിമത്തു താഹിറ.ഒ.കെ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 10-08-2019 | 31-03-2020 |
| ഡോ.സൌമ്യ മുരളീധരൻ | വെറ്റിനറി സർജൻ | 01-04-2019 | 09-10-2019 |
| ഡോ.സൂര്യനാരായണൻ | വെറ്റിനറി സർജൻ | 10-10-2019 | 31-03-2020 |
| ശ്രീ.അംജദ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.വിജയലക്ഷ്മി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 18-10-2019 |
| ശ്രീമതി.ബബിത.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-10-2019 | 22-12-2019 |
| ശ്രീമതി.വിജയലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 23-12-2019 | 24-12-2019 |
| ശ്രീമതി.ബബിത.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 25-12-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ മഹ്റൂഫ്.എച്ച്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സുബൈർ.പി.കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.അജയ് മുകുന്ദ്. | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 01-04-2019 | 31-03-2020 |
| ശ്രീമതി.സിൽവി മോൾ ചെറിയാൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Moideen Fazil .K (Auditor, On 11-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 11-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 11-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-10 |
| 11 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-11 |
| 12 | ഡി & ഒ ലൈസൻസ്:അപാകത<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-12 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-അപാകതകൾ<br>Written By: Abdul Ali Kunnan (Auditor, On 04-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-13 |
| 14 | സെക്രട്ടറി ചെലവഴിച്ച പദ്ധതികളിലെ വിനിയോഗവിവരങ്ങൾ ലഭ്യമാവാത്തത്<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-14 |
| 15 | ലൈഫ് പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകിയത് - ഭൂമി വിൽപ്പന തടയുന്ന വ്യവസ്ഥ ആധാരത്തിൽ ചേർത്തിട്ടില്ല.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-15 |
| 16 | ഹെഡ് മിസ്റ്റസ് -പ്രൊജക്ട്- അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: Moideen Fazil .K (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | |
| 17 | പ്രവൃത്തി പൂർത്തീകരണ കാലയളവ് - പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - കരാറിൽ വ്യക്തമാക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-17 |
| 18 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-18 |
| 19 | എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി നിർവ്വഹണം - അപാകതകൾ<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-19 |
| 20 | അധികച്ചെലവ് വന്ന 20009 രൂപ തിരിച്ചടച്ചത് - ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 20-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 20-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1- 15.02.2019 | 1/ 24.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 10-06-2020 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56639004.42 |
| വരവ് | 74956953 |
| ആകെ | 131595957.42 |
| ചെലവ് | 69289659 |
| നീക്കിയിരിപ്പ് | 62306298.42 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32793640 | 32793640 | 24510067 | 8283573 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4176000 | 4176000 | 2553332 | 1622668 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6260000 | 6260000 | 3401655 | 2858345 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4501000 | 4501000 | 2635603 | 1865397 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 20499053 | 20499053 | 7606588 | 12892465 |
| ബി ഫണ്ട് | 0 | 23246740 | 23246740 | 23246740 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 114072174 | 102 | 52485200 | 135 | 6 | 46 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21693 | 1142693 | 1164386 | 577345 | 587041 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26249104 | 26249104 | 26249104 | 0 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 34440 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 1494000 | 237 |
| വിധവാപെൻഷൻ | 8308800 | 1517 |
| വാർദ്ധക്യകാലപെൻഷൻ | 9601800 | 1904 |
| വികലാംഗപെൻഷൻ | 2663700 | 476 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 294000 | 54 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2022 ന് 10.45 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11032/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വി.ഇ.ഒ തനത് ഫണ്ട് വരവ് ചെലവുകൾ TR7A കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം സബ്സിഡിയിറി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. എല്ലായിനം വരവ് ചെലവുകളും TR7A കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
2. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
3. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2021 | 01/08/2021 മുതൽ 30/11/2021 വരെ | 21.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2005 | 2009-10 മുതൽ 2013-14 വരെ | 26.06.2015 |

## 1-11 വാർഷികകണക്കിലെ അപാകതകൾ

1. Cash Book, Advance Register എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്റർ ഐറ്റം വൈസ് ആയി ഇൻഡക്സ് എഴുതിയല്ല തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ എ.എഫ്.എസ് ൽ ബുക്ക് ചെയ്ത മൂല്യവുമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങൾ 2011 ലെ ചട്ടം (62) പ്രകാരമുള്ള അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ചേർത്തിട്ടില്ല.

5. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

## 1-12 ഡി & ഒ ലൈസൻസ്:അപാകത

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾക്ക് പഞ്ചായത്ത് - ചട്ടം 18,19-പട്ടിക III പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കാണുന്ന വ്യക്തികളിൽ നിന്ന് ആയത് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | സ്ഥാപന ഉടമ | യന്ത്രത്തിന്റെ പവർ | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | A5/1766/20-29 /02/2020 | മുഹമ്മദ് ഫാസിൽ.സി.വി | 7HP | 100 |
| 2 | A5/2001/20-07 /03/2020 | അബ്ദുറഹിമാൻ എ.കെ | 10HP | 100 |
| 3 | A3/2309/20-17 /03/2020 | ഉമ്മർ കാരാറ്റ് കടവത്ത് | 10HP | 100 |

മോട്ടോർ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം: 13 തിയ്യതി 22/02/2022 ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- അപാകതകൾ

പ്രൊജക്ടിന്റെ പേര് : 1) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് (നം.102/20)

2)മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് (നം.58/21 )

ചെലവ് തുക : 324440+230000

ബിൽ നം. : 1) Vou.no21900861/15-2-2020 (Che.no 2809010dt15.2.20)-Rs.324440

2) 20150552045200025151 Dt 11/4/20 Rs.230000

2019-20, 2020-21 വർഷങ്ങളിലായി നിർവ്വഹണം നടത്തിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് പ്രൊജക്ടിന്റെ ഭാഗമായി 554440 രൂപ (20 വിദ്യാർത്ഥികൾക്ക്) ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയ്യതി 14/2/2018 നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.8 ബിരുദം, ബിരുദാനന്ദര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), മെഡിക്കൽ, എഞ്ചിനിയറിംഗ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ/സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലാപ്ടോപ്പ് അനുവദിക്കേണ്ടത്. പാരലൽ കോളേജിൽ പഠിക്കുന്നവർക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ലാപ്ടോപ്പുകൾ അനുവദിച്ച ചുവടെ ചേർത്ത മൂന്ന് വിദ്യാർത്ഥികളിൽ 2 വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. ഒരു വിദ്യാർത്ഥി ഹാജരാക്കിയ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ ടിയാൻ 2019-20 അധ്യയന വർഷത്തിൽ ഒന്നാം വർഷ ബി.കോം കോഴ്സിന് മൂന്ന് മാസ കാലയളവ് വരെ പഠിച്ചിരുന്നു എന്നാണ് സാക്ഷ്യപ്പെടുത്തൽ നടത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | റിമാർക്സ് |
|---|---|---|
| 1 | ആയിഷതുൽ അഫ്ന. | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. |
| 2 | മാജിദ.കെ.പി | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. |

| | | |
|---|---|---|
| 3 | സഫീർ മോൻ.ഇ.പി | മൂന്ന് മാസം പഠനം നടത്തിയിരുന്ന എന്നതിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് അനുവദിച്ചു. |

ചെലവ് തുക 83166 (27722x3) തടസ്സം ചെയ്യുന്നു. (എൻക്വയറി നം.8/21-2-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 സെക്രട്ടറി ചെലവഴിച്ച പദ്ധതികളിലെ വിനിയോഗവിവരങ്ങൾ ലഭ്യമാവാത്തത്

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വിനിയോഗവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക | ബിൽ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|
| 81/20 PMAY വിഹിതം ബ്ലോക്ക് പഞ്ചായത്ത് തിരൂരിന് നല്കിയത് | 17,00,000 | 39/15.11.19 | തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ |
| ആകെ | 17,00,000 | | |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/19-20/14.02.2022) മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുക തടസം ചെയ്യുന്നു.

## 1-15 ലൈഫ് പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകിയത് - ഭൂമി വിൽപ്പന തടയുന്ന വ്യവസ്ഥ ആധാരത്തിൽ ചേർത്തിട്ടില്ല.

വി.ഇ.ഒ നിർവ്വഹിച്ച ലൈഫ് ജനറൽ പ്രൊജക്ട് (നം.14/20, അടങ്കൽ, പ്ലാൻ ഫണ്ട്, തനത് ഫണ്ട്, ചെലവ്. ) പ്രകാരം ഭൂമി വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റിയ താഴെ പറഞ്ഞ ഗുണഭോക്താക്കൾ ധനസഹായം ഉപയോഗിച്ച് വാങ്ങിയ ഭൂമിയുടെ ആധാരത്തിൽ പ്രസ്തുത ഭൂമി 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഭൂമി വിൽപ്പന നടത്തിയ ആളുടെ പേര് | ചെക്ക് നമ്പർ, തീയ്യതി, തുക |
|---|---|---|---|
| 1 | സിറാജ് കുട്ടാത്ത്, പറവണ്ണ | റംസീന<br>ബാങ്ക് അക്കൗണ്ട് നം. 4065010149325 | 2809027/26.3.2020<br>200000 രൂപ (തനത് ഫണ്ട്) |
| 2 | സൈബു<br>W/O ദിറാർ | മുഹമ്മദ് ഷാഫി<br>ബാങ്ക് അക്കൗണ്ട് നം.. 6800104082721 | 2809027/26.3.2020<br>200000 രൂപ (തനത് ഫണ്ട്) |

മേൽ അപാകത പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹെഡ് മിസ്ട്രസ് -പ്രൊജക്ട്- അപാകതകൾ

2019-20 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതവും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതവും, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതവുമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. 2019-20 വർഷത്തിൽ ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്ടിൽ (133/20) താഴെ പറയുന്ന വിദ്യാർത്ഥിക്ക് മാർഗ്ഗരേഖനിർദ്ദേശത്തിന് വിരുദ്ധമായി അനുവദനീയമായതിലും അധിക തുക നല്കിയതായി കാണുന്നു. (Bill No. 0 2/27.01.202 0 : 2,75000/-)

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നല്കിയ തുക | അനുവദനീയമായത് | അധികം നല്കിയത് |
|---|---|---|---|---|
| ശ്യാംജിത്ത് | ബിഎസ്.എംസ്(ഡ്യുവൽ ഡിഗ്രി കോഴ്സ്) | 30000 | 20000 | 10000 |

ബിരുദ വിദ്യാർത്ഥിയായ ശ്യാംജിത്തിന് അനുവദനീയമായത് 20000 രൂപയാണ്. എന്നാൽ 30000 രൂപയാണ് അനുവദിച്ചത്. അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/19-20 തീയതി 22-02-2022 ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 പ്രവൃത്തി പൂർത്തീകരണ കാലയളവ് - പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - കരാറിൽ വ്യക്തമാക്കുന്നില്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005) എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ എല്ലാ പ്രവൃത്തികൾക്കും 6 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകുന്നതായാണ് കണ്ടത്. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ച നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിന് കാരണമാകുന്നതാണ്.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

## 1-18 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

I-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-19 എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി നിർവ്വഹണം - അപാകതകൾ

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവൃത്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏന്നിങ്ങനെ നാല് വിഭാഗം പ്രവൃത്തികൾ നിബന്ധനകൾക്ക് വിധേയമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർവ്വഹിക്കാവുന്നതാണ്. തൻവർഷം എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവൃത്തികളായ തൊഴുത്ത്, ആട്ടിൻ കൂട് മുതലായ പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും, യോഗ്യരായ കുടുംബങ്ങൾ തയ്യാറാകാത്തത് കാരണം ഈ മേഖലയിലെ പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര നേട്ടം കൈവരിക്കാനായിട്ടില്ല. അതുപോലെ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളായ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, പുനരുദ്ധരണം മുതലായ പ്രൊജക്ടുകളും വളരെ കുറച്ച് എണ്ണം മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി വിഹിതം, തനത് ഫണ്ട് എന്നീ വിഭവങ്ങൾക്കൊപ്പം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി കൂടി ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടില്ല എന്ന് കാണുന്നു. ഭാവിയിൽ ഈ പോരായ്മ പരിഹരിക്കുന്നതിന് വേണ്ട

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 അധികച്ചെലവ് വന്ന 20009 രൂപ തിരിച്ചടച്ചത് - ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നിർവ്വഹിച്ച താഴെ പറഞ്ഞ മരാമത്ത് പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ ടസ്സ് വർക്ക് ചെയ്യുന്നതിന് DAR 10.16.1, 10.6.2 എന്നീ കോഡുകൾ പ്രകാരം പ്രൊവിഷൻ ഉൾപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടുകളുടെ അളവ് പുസ്തകങ്ങൾ പരിശോധിച്ചപ്പോൾ, ടസ്സ് വർക്കിന്റെ നിരക്ക് നൽകി നിർവ്വഹിച്ച പ്രസ്തുത പ്രവൃത്തികളിൽ ചിലത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്നും, ചിലതിൽ പർലിൻ പ്രവൃത്തി കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നും കണ്ടു. പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സെർവ്ഡ് ഡാറ്റ കോഡ് 50.10.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത് . ആയതിനാൽ തെറ്റായ കോഡ് പ്രകാരമുള്ള നിരക്ക് അനുവദിച്ചത് മൂലം പ്രൊജക്ടുകളിൽ ഉണ്ടായ അധികച്ചെലവ് ഓഡിറ്റ് എൻക്വയറി നം. 01/19-20/10.2.2022 മുഖേന ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് പ്രസ്തുത തുകകൾ രസീതികൾ മുഖേന തിരികെ അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | തിരിച്ചടച്ച തുക | രസീതി നമ്പർ, തീയ്യതി |
|---|---|---|---|
| 1 | 128/20 76ാം നമ്പർ അങ്കണവാടി (വാക്കാട് നോർത്ത്) പുനരുദ്ധരണം | 2714.00 | 12129010329/14.2.2022 |
| 2 | 83/20 101ാം നമ്പർ അങ്കണവാടി മെയ്ന്റനൻസ്(പറവണ്ണ പുളിഞ്ചോട്) | 5610.00 | 121290103242/14.2.2022 |
| 3 | 126/20 87ാം നമ്പർ അങ്കണവാടി (ആലിൻ ചുവട്) പുനരുദ്ധരണം | 1571.00 | 121290103241/14.2.2022 |
| 4 | 129/20 77ാം നമ്പർ അങ്കണവാടി (വാക്കാട് സൗത്ത്) പുനരുദ്ധരണം | 2011.00 | 121290103243/14.2.2022 |
| 5 | 187/20 (175/18,183/19) മൃഗാശുപത്രി മെയ്ന്റനൻസ് | 8103.00 | 121290103244/14.2.2022 |
| ആകെ | | 20009.00 | |

മേൽപ്രൊജക്ടുകളിൽ ക്രമ നമ്പർ 1, 3, 4 എന്നിവ മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ചും, ക്രമ നമ്പർ 5 പ്ലാൻ ഫണ്ട് ഉപയോഗിച്ചുമാണ് നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പ്രൊജക്ടുകളിൽ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 2019-2020 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പത്രികയുടെ പരിശോധന നടത്തി | ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 195772 | നെൽ കൃഷി -കൂലിച്ചെലവ് 31/2019-20 | 195772 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2017-18 | 2-3 | 5328 | സക്കറിയ ബാവ | 119050101600/29.08.2019 |
| 2017-18 | 2-3 | 4560 | ജസൽ.കെ.ടി.ഒ | 119050103313/30.12.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74956953 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69289659 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,83,166 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 83166 | ശ്രീ.അംജദ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-14 | 17,00,000 | ശ്രീമതി മിനി കെ.കെ, സെക്രട്ടറി |
| ആകെ | 17,83,166 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അംജദ്, ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് ഇൻസ്പെക്ടർ , ഡി.ഡി. ഓഫീസ്, പൊന്നാനി | പാലക്കവളപ്പിൽ , തണ്ടത്ത്, പച്ചാട്ടിരി, തിരൂർ |
| ശ്രീമതി മിനി കെ.കെ, സെക്രട്ടറി | സെക്രട്ടറി, കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്. | ഇടപ്പയിൽ ഹൗസ് , കെ.പുരം പോസ്റ്റ് 676 307 മലപ്പുറം ജില്ല |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1967 -68 | എൽ എഫ് എം 7/809/88 തി. 14.06.88 | 2 |
| 2 | 1968-69 | എൽ എഫ് എം 7/810/88 തി. 14.06.88 | 21 |
| 3 | 1969-70 | എൽ എഫ് എം 7/811/88 തി. 14.06.88 | 36 |
| 4 | 1970-71 | എൽ എഫ് എം 7/812/88 തി. 15.06.88 | 33 |
| 5 | 1973-74 | എൽ എഫ് എം 7/813/88 തി. 15.06.88 | 2 |
| 6 | 1974-75 | എൽ എഫ് എം 7/814/88 തി. 15.06.88 | 2 |
| 7 | 1976-77 | എൽ എഫ് എം 7/815/88 തി. 06.06.88 | 5 |
| 8 | 1980-81 | എൽ എഫ് എം 7/819/88 തി. 17.06.88 | 16 |
| 9 | 1989-90 90-91 | കെ.എസ്.എ.എം.പിഎം.17/1553/16 തി. 23.01.18 | 6 |
| 10 | 1995-96 | കെ.എസ്.എ.എം.പിഎം.17/1556/16 തി. 23.01.18 | 2 |
| 11 | 1997-98 | കെ.എസ്.എ.എം.പിഎം.17/1557/16 തി. 23.01.18 | 5 |

| | | | |
|---|---|---|---|
| 12 | 1998-99 | കെ.എസ്.എ.എം.പിഎം.17/1558/16 തി. 23.01.18 | 6 |
| 13 | 1999-00 | കെ.എസ്.എ.എം.പിഎം.17/1559/18 തി. 23.01.18 | 8 |
| 14 | 2000-01 | എൽ എഫ് എം 17/1509/12(14) തി. 22.04.13 | 35 |
| 15 | 2001-02 | എൽ എഫ് എം 14/138/09 തി. 07.05.09 | 9 |
| 16 | 2002-03 | എൽ എഫ് എം 14/139/09 തി. 07.05.09 | 5 |
| 17 | 2003-04 | എൽ എഫ് എം 14/140/09 തി. 07.05.09 | 11 |
| 18 | 2004-05 | എൽ എഫ് എം 14/141/09 തി. 07.05.09 | 13 |
| 19 | 2005-06 | എൽ എഫ് എം 14/1842/09 തി. 23.02.10 | 8 |
| 20 | 2006-07 | എൽ എഫ് എം 18/1560(b)/10 തി. 15.09.2011 | 20 |
| 21 | 2007-08 | എൽ എഫ് എം 17/213/11 തി. 28.03.12 | 16 |
| 22 | 2008-09 | എൽ എഫ് എം 17/1515/11 തി. 13.06.12 | 15 |
| 23 | 2009-10<br>2010-11 | എൽ എഫ് എം 17/254/14 തി. 26.05.14 | 10 |
| 24 | 2011-12<br>2012-13 | കെ എസ് എ -എം പി എം 17/2124/16 തി. 07.10.16 | 9 |
| 25 | 2013-14<br>2014-15 | കെ എസ് എ -എം പി എം 17/2073/16 തി. 13.03.17 | 7 |
| 26 | 2015-16 | കെ എസ് എ -എം പി എം 17/19/17 തി. 08.03.18 | 16 |
| 27 | 2016-17 | കെ എസ് എ -എം പി എം 17/2193/17 തി. 31.07.18 | 19 |
| 28 | 2017-18 | കെ എസ് എ -എം പി എം 17/770/19 തി. 28.05.2019 | 13 |
| 29 | 2018-19 | കെ എസ് എ -എം പി എം 17/420/2020 തീ.14-10-20 | 9 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ.5/22

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്